**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4344** **18-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷം മുതൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾ അംശാദായമായി നൽകിയതിന് തുല്യമായി സർക്കാർ ഗ്രാൻഡ് ആയി നൽകേണ്ട തുകയുടെ ഇനത്തിൽ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | 2021-2022, 2022- 2023, 2023-2024, 2024-2025 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആണ് ഉൾപ്പെടുത്തിയിരുന്നത്. നടപ്പ് സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 97,24,143/- രൂപ (തൊണ്ണൂറ്റിയേഴ് ലക്ഷത്തി ഇരുപത്തിനാലായിരത്തി ഒരുന്നൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ മുഖേന ഈ ഇനത്തിൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച നൽകിയിട്ടുണ്ട് |
| (ബി) | പ്രസ്തുത ഗ്രാൻഡ് ഇനത്തിൽ 2021-22 വർഷം മുതലുള്ള കുടിശികയുടെ വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (ബി) | 2021-2022 സാമ്പത്തിക വർഷം 2,66,62,697/- രൂപയും 2022-2023 ൽ 79,30,691.46 രൂപയും 2023 - 2024 ൽ 1,75,02,139/-രൂപയും 2024-2025 ൽ 1,75,30,824/-രൂപയുമാണ് ക്ഷേമനിധി ബോർഡിന്റെ കണക്കു പ്രകാരം കുടിശ്ശികയുള്ളത് |

സെക്ഷൻ ഓഫീസർ